# പുതുമൊഴി

2022-25 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ഡിജിറ്റൽ മാഗസിൻ

## ജി.എച്ച്.എസ്.എസ് പാക്കം




2022-25 അധ്യയന വർഷത്തിൽ പാക്കം ഗവൺമെന്റ് ഹയർസെക്കൻററി സ്കൂളിലെ വിദ്യാർത്ഥികൾ ചേർത്തൊരുക്കിയ ഡിജിറ്റൽ മാഗസിനാണ് പുതുമൊഴി ' . വിവര സാങ്കേതിക വിദ്യയിൽ വളർന്നു വരുന്ന പുതുതലമുറയിലെ പ്രതിഭകളുടെ കയ്യൊപ്പ് ചാർത്തി ഇരിക്കുന്ന 'പുതുമൊഴി' കഥയും കവിതയും ലേഖനങ്ങളും ചിത്രങ്ങളും കൊണ്ട് മികവുറ്റതാക്കിയിരിക്കുന്നു. ഗുരുനാഥൻമാരുടെയും കൂട്ടുകാരുടേയും അനുഗ്രഹാശിസ്സുകളോടെ 'പുതുമൊഴി' നിങ്ങൾക്ക് മുന്നിൽ വായനയ്ക്കായി സമർപ്പിക്കുന്നു.

സ്റ്റുഡന്റ് എഡിറ്റർ

അജന്യ ചന്ദ്രൻ

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

സന ടി
അനന്യ. എം
ശിവാനി വി
അതുല്യ രാഘവൻ
ചാരുത
പ്രജീഷ്
അതുൽ ശരവണൻ
അമയ
ദേവാനന്ദ് ടി
ശിവാനന്ദ് ടി
ആദിനാഥ്
നമിത്ത് കെ
സായി ഗായത്രി
കീർത്തന
അനന്യ പി.എം
ശ്രീജിന കെ
മൈഥിലി
അഭിരാമി സി
രാഹിത രാജ്
അഭയ് കൃഷ്ണ എ ടി
അഭിനവ് എസ്
മുഹമ്മദ് അനസ്



## ആശംസ

പുതുമൊഴി എന്ന പേരിൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാസികക്ക് എല്ലാ വിധ ആശംസകളും നേരുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗസൃഷ്ടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാസികയുടെ പബ്ലിഷിംഗ് പ്രവർത്തനങ്ങൾ പൂർണമായും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആണ് ചെയ്തത്. മാത്രമല്ല സ്ക്രൈബസ് എന്ന സ്വതന്ത്ര ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങ് സോഫ്റ്റ് വെയർ ആണ് ഇതിനുപയോഗിച്ചത് എന്ന പ്രത്യേകത കൂടിയുണ്ട്. മികച്ച രീതിയിൽ പുതിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നല്ല കെട്ടിലും മട്ടിലും തയ്യാറാക്കിയിരിക്കുന്ന പുതു മൊഴി ഒരു പുതു ചരിത്രം രചിക്കട്ടെ എന്നാശംസിക്കുന്നു.

ഹെഡ്മാസ്റ്റർ

## എന്റെ ഘടികാരം നിലച്ചു

ഏകാന്തതയുടെ വിജനതയിൽ
മുറിഞ്ഞ ഹൃദയ നീറ്റൽ
ഘടികാരം ഞരമ്പുകൾ
ഭൂതകാലത്തിൻ സ്വപ്ന വേഗതയ്ക്കൊപ്പം
താള ബോധത്തോടെ
സന്തതസഹചാരിയായത്
നീ മാത്രം.......
ഇന്ന് വർത്തമാനകാല ബന്ധങ്ങൾ
ഉടഞ്ഞ ചില്ല് കൂട്ടിലെ
നിഴൽ രൂപമാകുമ്പോൾ
ഞാൻ മറന്നു വെച്ച ഘടികാരസൂചി
എന്റെ ഹൃദയമിടിപ്പ് താളത്തിലല്ലോ

സായി ഗായത്രി
9:B

# തെരുവ്

ഇരുട്ടിലത ക്ഷോഭിക്കുന്ന തെരുവ്
വിജനമായ വീഥികളിൽ അതാ നിഴലിന്റെ കൽപ്പാട്.
തലചായ്ക്കാൻ ഇടമില്ലാത്ത മനുഷ്യർക്ക് ആശ്വാസം തെരുവ്
തന്നെ......
അതിൽ അലയുന്നൊരുപാട് മനുഷ്യജന്മം.
കുഞ്ഞുങ്ങൾ തൻ കളിപ്പാട്ടം ഉരുളുന്ന വീഥികളിൽ.....
മിഠായി വിൽക്കുന്ന വിൽപ്പനക്കാർ....
വീടില്ലാത്തതെത്രപേർ..
ഒറ്റക്കായവരെത്രപേർ.. അവർക്കെന്നും ആശ്വാസം തെരുവ് തന്നെ.....
പുച്ഛമാണ് മനുഷ്യർക്കിന്നും തെരുവ്
എന്നാൽ ജീവിതമാണ് തെരുവെന്നും ചില മനുഷ്യർക്ക്.
തെരുവിൽ കഴിയുന്ന മനുഷ്യർ തൻ മനസ്സിൽ
ആശ്വാസം തന്നെയാണെന്നും തെരുവ്........
ആശ്വാസം തന്നെയാണെന്നും തെരുവ്......

ദേവനന്ദ. സി
8B

## ആ ചിരിയിൽ

ചിരിച്ചു കൊണ്ടായിരുന്നു അന്ന് അവൾ
ഉറങ്ങാൻ കിടന്നത് ആ ചിരിയിൽ തൻ്റെ
രക്തത്തിൽ കലർന്ന വികാരങ്ങളുടെ അതിരില്ലാത്ത
പ്രകാശനമാണ് നമുക്ക് കാണാൻ കഴിഞ്ഞത് അവളുടെ
ഓർമ്മകളിലൂടെ അവൾ ഒന്ന് കണ്ണോടിച്ചു എന്താണന്ന്
നടന്നതെന്ന് ആ ചിരി നമ്മോട്പറയുന്നുണ്ടായിരുന്നു.അന്ന് അവളിൽ
ഉണ്ടായ സന്തോഷം ആ ചിരിയിൽ പ്രതിപദിച്ചിരുന്നു.അന്ന് അവൾ തൻ്റെ
മുത്തശ്ശൻ എന്നോ പറഞ്ഞുകൊടുത്ത മാലാഖകൾ തങ്ങുന്ന ആ മലയെ കുറിച്ച്
അവളുടെ ഉറക്കത്തെ എപ്പോഴും കെടുത്താനുള്ള ആ മാലാഖമാരെ കുറിച്ചുള്ള
സ്വപ്നങ്ങൾ തൻറെ അപ്പൂപ്പൻ പണ്ടേ പറയുമായിരുന്നു.ആ മലയിൽ പോയി തൻറെ
ആഗ്രഹം പറഞ്ഞാൽ അത് സാധിക്കും.പക്ഷേ തൻറെ ആഗ്രഹം വളരെ വലുതാണ്
അത് നടത്തിത്തരാൻ ആ മാലാഖയ്ക്ക് കഴിയുമോ?അവൾ അങ്ങനെ ഒരു ദിവസം ആ
മലയിലേക്ക് ഇറങ്ങിത്തിരിച്ചു കാറ്റുകൾ അവളെ തഴുകുന്നുണ്ടായിരുന്നു വേനലിലെ ഇളം
ചൂട്അവളുടെ ആഗ്രഹത്തിന്റെ ആക്കം കൂട്ടുന്നുണ്ടായിരുന്നു അവളുടെ രക്തം എന്തിനോ
വേണ്ടി അവളെ മുൻപിലോട്ട് നയിക്കുന്നുണ്ടായിരുന്നു.അവളുടെ ജന്മസാഫല്യത്തിന്
അരികേക്കെത്തുന്ന ഒരു കൊച്ചു കുട്ടിയുടെ പ്രതീക്ഷയെ ഇതിലൂടെ കാണാൻ
കഴിയുമായിരുന്നു.എത്ര ശക്തമായ കാറ്റ് വന്നാലും ഇടിമിന്നൽ വന്നാലും അവളുടെ ആഗ്രഹത്തെ
അത്രവേഗം തകർക്കാൻ കഴിഞ്ഞിരുന്നില്ല അവൾ അവസാനം ആ മലയിക്കരികിൽ
എത്തുന്നു.അവിടെ മാലാഖ ഒന്നും ഇല്ലെന്ന് കരുതി തിരിഞ്ഞു നടക്കാൻ തുടങ്ങിയ ആ പിഞ്ചു
ബാലികയുടെ തോളിൽ ഒരു കൈ വന്ന് പതിക്കുന്നു.ആരാണെന്ന് അറിയാനുള്ള ആകാംക്ഷയിൽ
അവൾ തിരിഞ്ഞു നോക്കുന്നു അത് മാലാഖയായിരുന്നു അവൾ ഇതുവരെ കണ്ടിട്ടില്ലാത്ത അവൾ
അവളുടെ ഭാവനയിലും സ്വപ്നങ്ങളിലും മാത്രം കണ്ടിട്ടുള്ള ആ മാലാഖ
അവൾ അതിനോട് തൻ്റെആഗ്രഹങ്ങളെല്ലാം പറയുകയാണ് ആ പിഞ്ചുകുഞ്ഞിൻ്റെ
ആഗ്രഹം മറ്റൊന്നുമായിരുന്നില്ല തനിക്ക് തന്റെ ഇഷ്ടാനു ഇഷ്ടങ്ങളെ മനസ്സിലാക്കാൻ കഴിയുന്ന
ഒരു അമ്മയെ വേണമായിരുന്നു രണ്ടാനമ്മയുടെ വാക്കുകൾ മാത്രം അനുസരിച്ച് ജീവിക്കുന്ന
ഒരു കുട്ടി ആ ക്രൂരനായ രണ്ടാനമ്മയുടെ തടവിൽ കഴിയുകയാണ് കുട്ടി സംസാരിക്കാൻ
പോലും അവിടെ അവൾക്ക് അവകാശം ഉണ്ടായിരുന്നില്ല സ്വന്തം വീട്ടിലെ പണികളും ഒരു
വിശ്രമം പോലും ഇല്ലാതെ ചെയ്യുന്ന ഒരു കുട്ടിയുടെ രോദനമാണ് അവിടെ കാണാൻ
കഴിയുന്നത് തന്നെ പ്രായമുള്ള കുട്ടികൾ കളിക്കുകയും പുതിയ പുതിയ വസ്തുങ്ങൾ
ഇടുകയും,സ്വന്തം അച്ഛനും  അമ്മയുമൊത്ത് സുഖമായി ജീവിക്കുന്നു.ഈ സൗഭാഗ്യം
ഒന്നും അവൾക്ക് കിട്ടിയിരുന്നില്ല അത് ഒന്ന് തനിക്ക് തരുമോ എന്നായിരുന്നു
അവളുടെ ആഗ്രഹം പക്ഷേ ആ മാലാഖ ഒന്നും പറയാതെതിരിച്ചു നടന്നു ആ
തിരിച്ചു നടത്തം പല ആശയങ്ങളും നമുക്ക് തരുന്നുണ്ടായിരുന്നു
അന്നേദിവസം രാത്രിയായിരുന്നു ആ സന്തോഷത്തിൽ അവൾ
ചിരിച്ചുകൊണ്ട് ഉറങ്ങുന്നത് തനിക്ക് താൻ ആഗ്രഹിച്ച പോലുള്ള
ഒരു ജീവിതം ആ മാലാഖ തരുമെന്ന സന്തോഷത്തോടെ
അവൾ ഉറക്കത്തിലേക്ക് മയങ്ങി വീണു

# ഇരുട്ടിന്റെ മായാതീരത്ത്

ഞാനൊന്ന് ഓർക്കുമ്പോൾ കണ്ണിന് ചുറ്റും
നില വെളിച്ചം
എന്റെ സ്വപ്നങ്ങളിൽ എന്നും നില വെളിച്ചം
നൂറി നിൽക്കുന്ന നക്ഷത്രങ്ങൾ എന്നും ചുറ്റിൻ
വഴി തടഞ്ഞ ഒരു ഇരുട്ടിന്മേൽ
കുളിരെറിരുന്നിടുന്ന ഇളം കാറ്റുകൾ
എൻ കൈകളിൽ രോമാഞ്ചം പുളയുന്നു
എൻ നെഞ്ചിൽ ഇരുട്ട് കയറിയിരിക്കുന്നു
ഞാനൊന്നോർക്കുമ്പോൾ കണ്ണിനു ചുറ്റും നിലാവെളിച്ചം
എന്റെ സ്വപ്നങ്ങളിൽ എന്നും നിലാവെളിച്ചം
എൻ മനസ്സിൽ എന്നും ഇരുട്ടിൻ നിലാവെളിച്ചം
ഞാനോർക്കുന്ന ഇരുട്ടിൻ മനസുഖം (2)

കൃപ കൃഷ്ണൻ പി. വി
6B

## തെരുവ്

തെരുവിൽ നിന്നൊരു നിമിഷനേരം  പതറിയ കാര്യം ഓർത്തു
തുടങ്ങവേ.....
റോഡരികിൽ തോറും തെരുവ് വിളക്കുകൾ;
എങ്ങും നിറയെ തെരുവു കച്ചവടക്കാർ,
ദുരിതമനുഭവിക്കുന്നർ എൻ കണ്ണിൽ-
മെല്ലെ പതിഞ്ഞു പോയിടവേ....
എന്നുള്ളിൽ ഒരു മോഹം ഉയർന്നു അന്നേരം
അവരെയൊന്നു സഹായിച്ചിടേണം
എന്തു ചെയ്യുമെന്നോർത്തു വിഷമിക്കവേ
എവിടെ നിന്നോരുവഴി  എൻ മുന്നിൽ-
തെളിഞ്ഞു വന്ന നേരം ഞാന
മന്ദഹാസം വെടിയാതങ്ങനെ നിന്നു-
പോയി, കാലില്ല, കൈയില്ലാത്തവരൊ-
കെയെന്നുള്ളിൽ മിന്നി നിളങ്ങവെ
എൻ മന്ദഹാസം പതുകെ മായുന്നു
അവരേ സഹായിക്കുവാൻ വന്ന നേരം-
എൻ മനം എവിടെയോ വേദനിക്കുന്നു-
പൊട്ടുന്നനെ, അതുകൊണ്ടരടിയും
ചലിക്കുവാൻ കഴിയാതെ അതിരുകൾ-
ക്കിപ്പുറം ഞാനും തളർന്നു പോയി
അതിരുകൾക്കിപ്പുറം ഞാനും തളർന്നു പോയി......
ഒരു പൊതിച്ചോറുമായി അവർക്ക് മുന്നി-
ലെത്തി ഞാൻ, ഇത്തിരി        ച്ചോറ് പകർന്നതിൻ
സന്തോഷം എൻ കണ്ണിൽ നിന്ന്
കണ്ണീർ മുത്തായി പൊഴിയവേ......
ഇതുവരെ ഇല്ലാത്തൊരാനന്ദം ഇന്ന് എൻ
ഹൃദയത്തിലെങ്ങോ നിറഞ്ഞു-
കവിഞ്ഞു പോയി, ഇതു വെരെ ഇല്ലാത്തൊരാ-
നന്ദം ഇന്ന് എൻ ഹൃദയത്തിലേങ്ങോ.......
നിറഞ്ഞു കവിഞ്ഞു പോയി....
ഹൃദയത്തിൽ എങ്ങോ നിറഞ്ഞു കവിഞ്ഞു പോയി.....
ഈ നിമിഷം ഞാൻ ഓർത്തു പോയിടുന്നു.....
ഒരു പാട് സങ്കടം എന്നിലുണ്ടാക്കുന്നു

അജന്യചന്ദ്രൻ. പി
9:B

ശാസ്ത്രപുരോഗതിയും ഇന്ത്യയും

കൃത്യമായ തെളിവുകളുടെയും പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ പറയുന്ന വസ്തുതയാണ് ശാസ്ത്രം. ഇന്ത്യ എന്ന വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രത്തിലൂടെ മുന്നേറുകയാണ് എന്നതിന്റെ മികച്ച ഉദാഹരണമാണ് ചന്ദ്രയാൻ.3

ഒരു സമൂഹത്തെ യുക്തി ബോധവും നിരീക്ഷണപാഠവും ഉള്ള ഒരു സമൂഹമാക്കി മാറ്റുന്നതിൽ ശാസ്ത്രത്തിന്റെ പങ്ക് വളരെ വലുതാണ്. പുതുതലമുറയിൽ ശാസ്ത്ര ചിന്ത വളർത്തിയെടുക്കുന്നതിലൂടെ യുക്തിപരമായി ചിന്തിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കും. പണ്ടത്തെ ആളുകൾ കരുതിയിരുന്നത് ഭൂമി പരന്നതെന്നാണ്. എന്നാൽ ഒരുപാട് ശാസ്ത്രജ്ഞന്മാരുടെ നിരന്തര പരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും ഫലമായാണ് ഭൂമി ഗോളാകൃതിയിൽ ആണെന്ന സത്യം നാം തിരിച്ചറിഞ്ഞത്. ഇങ്ങനെ പണ്ടു വിശ്വസിച്ചിരുന്ന ഒരുപാട് തെറ്റായ ചിന്തകൾ മാറ്റി ശരിയായ കാര്യങ്ങളിലേക്ക് മനുഷ്യനെ മാറ്റാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടുണ്ട്. ചന്ദ്രഗ്രഹണത്തെയും സൂര്യഗ്രഹണത്തെയും പറ്റി പണ്ട് നിലനിന്നിരുന്ന വിശ്വാസങ്ങൾ ഇവയ്ക്ക് ഉദാഹരണമാണ്. ഒരുപാട് പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും പരാജയങ്ങൾക്കും ശേഷമാണ് തോമസ് ആൽവ എഡിസൺ ബൾബ് കണ്ടുപിടിച്ചത്. ഇങ്ങനെ ശാസ്ത്ര ത്തിൽ ഉണ്ടായ പുരോഗതിയാണ് ഇന്നു കാണുന്ന എല്ലാ കണ്ടുപിടിത്തങ്ങളുടെയും അടിസ്ഥാനം. ഇന്നു കാണുന്ന ചെറിയ ബൾബ് മുതൽ വലിയ ഉപഗ്രഹം വരെ ശാസ്ത്രത്തിന്റെ സംഭാവനകളാണ്.

ഇന്ത്യയിലെ എ.പി.ജെ. അബ്ദുൽ കലാമിനെ പോലെയുള്ള നിരവധി ശാസ്ത്രജ്ഞന്മാരുടെ നിരന്തര പ്രയത്നത്തിൽ ഒടുവിൽ ആണ് ഇന്ത്യയുടെ പ്രഥമ ചാന്ദ്രദൗത്യമായ ചന്ദ്രയാൻ 3 വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത്. ചന്ദ്രയാൻ 1 2 എന്നിവയുടെ പരാജയങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടതു കൊണ്ടാണ് ചന്ദ്രയാൻ 3 വിജയകരമായത്. ഭൂമിയുടെ പ്രധാന ഊർജ്ജസ്രോതസ്സായ സൂര്യനെ പറ്റി കൂടുതൽ അറിയാൻ വേണ്ടിയുള്ള ഇന്ത്യയുടെ പ്രഥമ സൗരദൗത്യം ആദിത്യ എൽ വൺ ഇന്ന് ലക്ഷത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ ബഹിരാകാശ ഏജൻസിയായ ISRO വീണ്ടും പുതിയ പരീക്ഷണങ്ങൾക്കുള്ള തയ്യാറെടുപ്പിലാണ്. ഇങ്ങനെ ശാസ്ത്രപരമായി എല്ലാ മേഖലകളിലും കഴിവ് തെളിയിച്ചു കൊണ്ടിരിക്കുകയാണ് ഇന്ത്യ.

എന്നാൽ ഇങ്ങനെ ശാസ്ത്രപരമായി പുരോഗതി കൈവരിക്കുന്നുണ്ടെങ്കിലും സമൂഹത്തിൽ ഇന്നും അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു. അതിന്റെ തെളിവാണ് കേരളത്തിൽ ഈയിടെ നടന്ന നരബലി. ശാസ്ത്രത്തിൽ പുരോഗതി കൈവരിക്കുന്ന നമ്മുടെ സമൂഹത്തിൽ നിന്ന് ഇത്തരം അന്ധവിശ്വാസങ്ങൾ തുടച്ചു നീക്കേണ്ടത് ശാസ്ത്രം പഠിക്കുന്ന ഓരോ വ്യക്തിയുടെയും ചുമതലയാണ്. ഇത്തരത്തിൽ ശാസ്ത്ര ചിന്തയിലൂടെ ജീവിക്കാൻ നമുക്ക് ഏവർക്കും കഴിയണം.

കൃഷ്ണപ്രിയ. പി. വി
10.B

## ലക്ഷ്യത്തിലേക്കുള്ളപ്രയത്നം

ഒരു നിലാവുള്ള രാത്രി. ഒരമ്മയ്ക്ക് പ്രസവ വേദന തുടങ്ങി. അവരെ പെട്ടന്നു തന്നെ ആശുപത്രിയിൽ എത്തിച്ചു. ആ അമ്മയ്ക്ക് ആൺ കുട്ടി ജനിക്കുന്നു. അവിടെ നിന്നാണ് തുടക്കം. അച്ഛന്റെ വീട്ടിലാണ് അവൻ വളർന്നത്. അവന്റെ ഏട്ടൻ കൂട്ടുകാരോടൊത്തു കളിക്കുന്നത് അവൻ ശ്രദ്ധിക്കുമായിരുന്നു. അങ്ങനെ കുറച്ച വർഷങ്ങൾ കടന്നുപോകുന്നു. അവൻ സ്കൂളിൽ പോകാൻ തുടങ്ങി ഒരു ദിവസം അവനെയും ഏട്ടൻ കളിക്കാനായി വിളിച്ചു.അന്നാണ് അവനന്നാദ്യമായി പന്തു തട്ടുന്നത്. അങ്ങനെ അവനെവിടെ കളിച്ചു തുടങ്ങുകയാണ്. അവിടെ  കളി കൂട്ടുക്കാർ ഇങ്ങനെ കടന്നുപോകുന്ന സമയം, കാലം അവന് വേറൊരു വിധിയാണ് വിധിച്ചത്. അവൻ വീട് മാറി വേറൊരു സ്ഥലത്തേക്ക് പോവുകയാണ്. അവിടെ നിന്ന് ഒരു കൂട്ടിലടയ്ക്കപ്പെട്ട സിംഹത്തെ പോലെയായിരുന്നു. അവൻ നാലാം ക്ലാസ് കഴിഞ്ഞ് അഞ്ചാം ക്ലാസ്സ് വേറൊരു സ്കൂളിൽ പോവുകയാണ് അവിടെ നിന്ന് അവൻ വീണ്ടും കളി തുടങ്ങി. കളിക്കാനായി വേറെ തന്നെ സമയം. ആ സമയം അവൻ കളിച്ചു കളിക്കിടെ കൂട്ടുക്കാർ കളിക്കാനറിയാത്തവൻ എന്ന് വിമർശിച്ചു. അവൻ തളർന്നില്ല. കുമാരനാശാനേ പോലെ അവൻ ആ വിമർശനങ്ങൾ ലക്ഷ്യം കൈവരിക്കാനുള്ള ഒരായുധമായി അവനതിനെ കണ്ടു. അവൻ വീട്ടിൽ ചെന്ന് അച്ഛനോട് പറഞ്ഞു, എനിക്കൊരു ഫുട്ബോൾ ഷൂ വാങ്ങിത്തരാൻ പറഞ്ഞു. അച്ഛൻ സമ്മതിച്ചില്ല. അവനമ്മയോട് ആവശ്യപ്പെട്ടു, അമ്മ ആദ്യം സമ്മതിച്ചില്ല എന്നാലും പിന്നീട് വാങ്ങി കൊടുത്തു. അവനതുമായി അടുത്തുള്ള മൈതാ നത്ത് കളിക്കാൻ പോയി. അവിടെ നിന്നും അവന് വിമർശനങ്ങൾ ഏറ്റ വാങ്ങേണ്ടി വന്നു. ആ വിമർശനങ്ങൾ മുറിവേറ്റ സിംഹത്തിന്റെ മുറിവുണക്കാനുള്ള മരുന്നായി അവനതിനെ കണ്ടു. എട്ടാം ക്ലാസ്സിൽ എത്തിയപ്പോഴേക്കും ആ മൈതാനത്തെ മികച്ച കളിക്കാരിൽ ഒരാളായി അവൻ മാറി. അങ്ങനെ അവൻ മുതിർന്നവരുടെ കൂടെ കളിക്കാൻ തുടങ്ങി. ടൂർണമെന്റുകൾ കളിച്ചു. അങ്ങനെ ഇരിക്കെ ഒരു ദിവസം ഒരു ഫുട്ബോൾ സെലക്ഷൻ വരുകയാണ്. അവൻ കളിച്ചു വളർന്ന മൈതാനത് തന്നെ ആണ് സെലെക്ഷൻ
അവനത് വിജയകരമായി പൂർത്തികരിച്ചു. അത് കഴിഞ്ഞ് കളിക്കാൻ പോയത് പുൽ മൈതാ നത്താണ്.അവനാദ്യം ഭയന്നു. എന്നാലും അവൻ കളിച്ചു. അവിടെ നിന്നും വിമർശനം ഏറ്റുവാങ്ങി. അവൻ വീണ്ടും വീണ്ടും ലക്ഷ്യത്തിലേക്കായി പ്രയത്നിച്ചു.

നിനക്കത് സാധിക്കില്ല എന്ന് എല്ലാവരും പറഞ്ഞു. എന്നാലും അവൻ വിട്ടുകൊടുക്കുവാൻ തയ്യാറായിരുന്നില്ല, അവൻ വീണ്ടും കളിച്ചുകൊണ്ടിരുന്നു. ഒരു ദിവസം വിഷമത്തോടിരിക്കുന്ന അവനെ കണ്ട് അവന്റെ അടുത്തേക്ക് ഒരാൾ കടന്നു വരുകയാണ്.അവൻ ചോദിച്ചു, നിങ്ങളാരാണ്, ഞാൻ ഒരു ഫുട്ബോൾ ടീമിന്റെ പരിശീലകനാണ് അയാൾ പറഞ്ഞു. നിന്റെ കളിച്ചു ഞാൻ കണ്ടിരുന്നു, വളരെ നന്നായിട്ടു കളിക്കുന്നുണ്ട്, നിന്നെ ഞാൻ എന്റെ ടീമിൽ എടുത്തോട്ടെ. അവന്റെ മുഖത്തൊരു പുഞ്ചിരി വിടർന്നു ലക്ഷ്യത്തിലേക്കുള്ള ഒരു പടിയായി അവനതിനെ കണ്ടു.അങ്ങനെ ഒരു കളിക്കാനുള്ള അവസരം വരുകയാണ്.ആ കളിയിൽ വിജയിച്ചാൽ അവനവന്റെ ലക്ഷ്യത്തിലെത്താം.അവൻ കളിച്ചു. അവന്റെ കഷ്ടപ്പാട് മൂലം അവൻ അത് വിജയകരമായി പൂർത്തിയാക്കി. അതുകൊണ്ടാണ് പറയുന്നത് തോൽവി വിജയത്തിന്റെ ചവിട്ടുപാടികളാണെന്ന്. എത്ര തോറ്റെങ്കിലും നമുക്കൊരു ലക്ഷ്യമുണ്ടെങ്കിൽ എത്ര പ്രതിസന്ധികൾ കടന്നാലും വിജയം നമ്മളെ മാടി വിളിക്കും

അഭയ്

10.B

## സേനകന്റെ അടവ്

ബോധിസത്വൻ നൽക്കു നാൾ പ്രശസ്തനാകുന്നത് മന്ത്രി സേനകനെ അസ്വസ്ഥൻ ആക്കി. ബോധിസത്വനെ പരാജയപ്പെടുത്താൻ അയാൾ പല അടവുകളും നോക്കിയെങ്കിലും ഒന്നും വിജയിച്ചില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ബോധിസാധ്വാനേ തോൽപ്പിക്കാൻ സേനഗൻ പുതിയ ഒരു സൂത്രം പ്രയോഗിച്ചു. സേനകൻ, മരത്തിൽ നിന്ന് നീണ്ട ഒരു കമ്പ് മുറിച്ചെടുത്തു. അതിന്റെ കടയും തലയും തിരിച്ചറിയാത്ത വിധം ചെത്തി മിനുക്കി ഒരേ വണ്ണത്തിലാക്കി. അതിനെ അതിന് യവമേജ്ജകഗ്രമത്തിലേ ക്കു കൊടുത്തയച്ചു. ഗ്രാമ മുഖ്യനെ കമ്പ് ഏൽപ്പിച്ച ശേഷം ദൂതൻ പറഞ്ഞു


" മഹാരാജാവിന്റെ മന്ത്രി സേനകൻ കൽപ്പിച്ച് അയച്ചതാണ്.ഈ വടിയുടെ കടയും തലയും ഏതാണെന്ന് കണ്ടുപിടിച്ച മന്ത്രിയെ ഉണർത്തിക്കുക. അതിൽ വിജയിക്കാത്ത പക്ഷം ഗ്രാമീണർ ഒന്നടങ്കം ശിക്ഷ അനുഭവിക്കേണ്ടി വരും". അതുകേട്ട് ഗ്രാമീണർ ഞെട്ടി. ഒരേ വണ്ണത്തിൽ ഇരിക്കുന്ന ഒരു കമ്പിന്റെ കടയും തലയും ഏതാണെന്ന് എങ്ങനെ മനസ്സിലാക്കും? അവർ പരസ്പരം ചോദിച്ചു. ഒടുവിൽ ഒരാൾ പറഞ്ഞു:

" ബോധിസത്വനിരിക്കുമ്പോൾ നമ്മൾ എന്തിനു തലപുകയ്ക്കണം? വരുവിൻ." ഗ്രാമീണർബോധിസത്വനെ ചെന്നുകണ്ടു കാര്യം പറഞ്ഞു. " എവിടെ ആ കമ്പ്? " ബോധിസത്വൻ ചോദിച്ചു . ബോധിസത്വൻ ആ കമ്പ് ഒന്ന് നിരീക്ഷിച്ചു. അതിനുശേഷം ഒരു ചരട് കൊണ്ട് അളന്ന് കമ്പനി ഭാഗം കണ്ടുപിടിച്ച് അവിടെ ആ ചരട് കെട്ടി. എന്നിട്ട് ചരടിൽ പിടിച്ച് കമ്പുയർത്തി. കമ്പ് സമനിരപ്പിൽ നിന്നു. അതിനുശേഷം ബോധിസത്വൻ കമ്പ് വെള്ളത്തിൽ മുട്ടിച്ചു. അപ്പോൾ ഒരറ്റം മറ്റേയറ്റം വെള്ളത്തിൽ താഴ്ന്നു. " വെള്ളത്തിൽ താഴ്ന്ന ഭാഗമാണ് കടഭാഗം. എത്ര ചെത്തി മിനുക്കിയാലും കടഭാഗത്തിന്റെ ഭാരം കുറയുകയില്ല" ബോധിസത്വൻ പറഞ്ഞു.ഉടൻതന്നെ വടിയുടെ കട ഭാഗം അടയാളപ്പെടുത്തി ഗ്രാമീണർ കൊട്ടാരത്തിൽ കൊണ്ടുപോയി. അത് കണ്ട് മന്ത്രി ഇളിഭ്യനായി നിന്നു.

ഈ വിവരം രാജാവ് അറിഞ്ഞു. പക്ഷേ, അപ്പോഴും അദ്ദേഹം ആഗ്രഹിച്ചത് പോലെ ബോധിസത്വനെ കാണാൻ സേനകൻ അവസരം ഉണ്ടാക്കിയില്ല.

കഥ തുടരും.........

ആദിനാഥ്


Vaiga.V 6.B

സന്തോഷമുള്ള രാത്രി

അവൾ എല്ലാത്തിലും പിന്നിലായിരുന്നു. പഠന കാര്യങ്ങളിലും കലയിലും മറ്റു എല്ലാ കാര്യങ്ങളിലും അവൾ അവസാനമായിരുന്നു. എല്ലാവരിൽ നിന്നും അവഗണനയും പരിഹാസവും മാത്രമാണ് അവൾക്ക് ലഭിച്ചിരുന്നത്. എല്ലാറ്റിൽ നിന്നും, എല്ലാവരിൽ നിന്നും ഉള്ള പരിഹാസങ്ങൾ അവർക്കുള്ള പ്രോത്സാഹനമാക്കിത്തീർക്കാൻ അവൾ ആഗ്രഹിക്കുന്നു. തന്റെ ആഗ്രഹത്തെ സഫലമാക്കാൻ വേണ്ടി അന്നുമുതൽ അവൾ പരിശ്രമിക്കാൻ തുടങ്ങി. പരിശ്രമങ്ങൾക്കിടയിലും അവൾക്ക് കടുത്ത അഭിമാനവും പരിഹാസവും വീഴ്ചകളും മാത്രമാണ് ലഭിച്ചിരുന്നത്. എന്നാൽ അവൾ വിട്ടുകൊടുക്കാതെ മുന്നോട്ട് വെച്ച കാൽ മുന്നോട്ട് എന്ന രീതിയിൽ പരിശ്രമം തുടങ്ങി.

ഉറച്ച ആത്മവിശ്വാസത്തിലും ചങ്കുറപ്പിലും തന്റെ പരാജയത്തെ വിജയം ആക്കിത്തീർക്കാനുള്ള അവളുടെ പരിശ്രമം ഒടുവിൽ വിജയിച്ചു. അന്ന് അവളെ അവഗണിച്ച എല്ലാവരും അവൾക്ക് വേണ്ടി കയ്യടിച്ചു. അന്ന് അവൾ മനസിലാക്കിയ കാര്യമാണ്, പരിശ്രമത്തിലൂടെ മാത്രമേ നമ്മൾക്ക് മുന്നേറാൻ കഴിയുള്ളൂ എന്ന്.

പരിശ്രമങ്ങളിൽ ഒരുപാട് വീഴ്ചകൾ പറ്റാം, നമ്മൾക്ക് അതിനെയെല്ലാം തരണം ചെയ്യണം അതുപോലെതന്നെ വീഴ്ച വരുമ്പോൾ അതിൽ നിന്ന് പിൻമാറാൻ പാടില്ല എന്നുള്ള സത്യം അവൾ മനസിലാക്കുന്നു.ക്ലാസ്സിൽ പിന്നിലായിരുന്ന അവൾ നന്നായി പഠിക്കുകയും നല്ല മാർക്കോടെ പാസാവുകയും ചെയ്യുന്നു.

തന്റെ അച്ഛന്റെയും അമ്മയുടെയും കഠിനധ്വാനം കണ്ടുവളർന്ന അവൾ അവർക്ക് വേണ്ടിയും കൂടിയാണ് പരിശ്രമിച്ചത്. അവളുടെ വിജയം കണ്ട അച്ഛനും അമ്മയും ഒന്നും ഇല്ലാതിരുന്ന അവളെ കെട്ടിപ്പിടിക്കുകയും ഉമ്മവെയ്ക്കുകയും ചെയ്യുന്നു. എല്ലാവരും അവളെ അഭിനന്ദിക്കുകയും അനുമോദിക്കുകയും വലിയ വലിയ സദസുകളിൽ കയറി ഇറങ്ങാനുള്ള അവസരങ്ങളും അവൾക്ക് ലഭിക്കുന്നു.

ഒരു സ്‌കൂളിൽ അനുമോദനചടങ്ങിൽ അഥിതിയായി അവളെ ക്ഷണിക്കുന്നു. അഭിമാനപൂർവം അവൾ ആ ക്ഷണം സ്വീകരിക്കുകയും

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ യൂണിഫോം വിതരണോദ്ഘാടനം ബഹുമാനപെട്ട ഹെഡ്മാസ്റ്റർ നിർവ്വഹിക്കുന്നു



## അവസാന രാത്രി

അന്ന് ദുരൂഹത നിറഞ്ഞ രാത്രിയായിരുന്നു. രാത്രിയുടെ ഏകാന്തത അതിന് കൂടുതൽ ശൂന്യതയേകി. ആ ശൂന്യതകൾക്കിടയിൽ കോണിയിൽ നിന്നിറങ്ങുന്ന കാലുകളുടെ ശബ്ദം ആ ഏകാന്തതയിൽ ഉയർന്നുപൊങ്ങി. ആ കാലുകൾ പിന്നിടെത്തിയത് ഒരു സ്മശാനത്തിലേക്കാണ്. സ്മശാനത്തിലെ മൂടൽമഞ്ഞു കൾക്കിടയിലൂടെ ആ കാലുകൾ നീങ്ങി നീങ്ങി പോയി. സ്മശാനത്തിന്റെ അവസാനം എത്തിയപ്പോൾ ആ കാലുകൾ ഒരു വീട്ടിൽ കയറി കതകടച്ചു. ഒന്ന് ശ്വാസം വിട്ടതേയുള്ളൂ! അപ്പോഴേക്കും ആരോ കതകിൽ ഢും.... ഢും.... ആ കാലുകളുടെ ഉടമ വീടിനകത്ത് നിന്നു ഞെട്ടി. ആരായിരിക്കും? എന്തിനായിരിക്കും? എങ്ങനെ ഇവിടെ എത്തി? എന്നിങ്ങനെ ആ കാലിന്റെ ഉടമ ചിന്തിക്കാൻ തുടങ്ങി. ചോദിച്ചു ഒന്ന് വാതിൽ തുറക്കണം. അകത്തുനിന്ന് പറഞ്ഞു. എന്തിനാ?. പുറത്തുനിന്ന് അനക്കം ഒന്നുമില്ല. അകത്തുനിന്നും കതക് തുറന്നു. ആരെയും കാണുന്നില്ല. സ്മശാനത്തിലെ മൂടൽ മഞ്ഞുകൾ അല്ലാത ഒന്ന് താഴേക്ക് നോക്കി നിൽക്കുമ്പോളതാ! വീടിനകത്ത് നിന്ന് അയാളുടെ കണ്ണുകൾ മിഴിഞ്ഞു . ഇത്! ഞാനിതവിടെ കളഞ്ഞതാണല്ലോ. അയാൾ ആ പൊതിയെടുത്ത് കതകടച്ചു. അന്ന് രാത്രി അയാൾക്ക് ഉറക്കം വന്നില്ല. തലങ്ങും വിലങ്ങും ചെരിഞ്ഞും മറിഞ്ഞും കിടന്നു നോക്കി എന്നിട്ടും അയാൾക്ക് ഉറക്കം വന്നില്ല. പിന്നീട് അയാൾ വീടിന്റെ പുറത്തിറങ്ങി നടന്നു. നടന്നുനടന്ന് അയാൾ ഇറങ്ങിയ കോണിയിൽ കൂടി കേറി തന്നെ മുകളിലെത്തി. ചാരിവച്ച മുറിയുടെ കതകയാൾ ഒന്നുതള്ളി നോക്കി.ഒരു നഗരവാതിൽ എന്നപോലെ ആ കതക് തുറന്നു. ആ കാഴ്ച കണ്ടു കുറ്റബോധം തോന്നി അയാൾ തിരിഞ്ഞു നടന്നു. രക്തത്തിൽ കുളിച്ചൊരു സ്ത്രീയുടെ ശരീരമായിരുന്നു അത്. മരണക്കിടയിൽ പോലും അവൾ ചിരിച്ചു കൊണ്ടായിരുന്നു കിടന്നത്. അവളുടെ കൊലപാതകം അവൾ പോലും അറിയാതെ അവിടെ കഴിഞ്ഞിരുന്നു. അയാൾ പിന്നീട് നടന്നു നടന്നു ഒരു പുഴയുടെ വക്കത്ത് എത്തി. താൻ ചെയ്ത കുറ്റത്തിന് ശിക്ഷയായി ആ പൊതി അയാളഴിച്ചു. അതിൽ ഉണ്ടായിരുന്ന കത്തിയെടുത്ത് സ്വന്തം വയറ്റിലേക്ക് കുത്തിയമർത്തി. അന്ന് രാത്രി രണ്ടു മരണങ്ങൾ ആയിരുന്നു നടന്നത്. ഒന്ന് ആത്മഹത്യയും ഒന്നു കൊലപാതകവും രണ്ടുപേരുടെ മുഖത്തിന്റെ ചിരി മാഞ്ഞിരുന്നില്ല. കത്തി വയറ്റിലേക്ക് അമർത്തിയപ്പോൾ ഉണ്ടായ ഞരക്കം ആ പുഴയുടെ ഓരോ മീനുകളും കാതോർത്ത് കേട്ടു...

സഫ. 10 B


Reevana .m




JIYA PRAKASH,6 B

# അസുരവിത്ത്

ഭയത്തിന്റെ ഏറ്റവും വലിയ പ്രത്യകത അതിന് ജാതി, മത ,വർഗ ,ഭാഷാ, വംശീയ വേർതിരിവുകൾ ബാധകമല്ല എന്നതാണ്. സന്തോഷത്തിൽ ഒരുമിച്ചുനിൽക്കാത്ത മനുഷ്യർ ദുഖത്തിൽ ഒരുമിച്ചു നിൽക്കും. പരസപരം താങ്ങാകും. മുൻ വൈരാഗ്യങ്ങളും വിദ്വഷങ്ങളും വെറുപ്പുകളും മറന്ന് സുഹൃത്തുക്കളാകും

കാരണം അവർ നേരിടുന്നത് ഒരേ ഭീഷണിയാണ്. ഒരേ അപകടമാണ് അവരെ തുറിച്ചുനോക്കുന്നത്. ഒരുമിച്ചുനിൽക്കുക മാത്രമാണ് ഒരേയൊരു പോംവഴി എന്നവർ തിരിച്ചറിയുന്നു. കോവിഡ് കാലത്ത് പുതിയ തിരിച്ചറിവുകൾ കേരളവും ആർജിക്കുമ്പോൾ അരനൂറ്റാണ്ടിനും മുമ്പുള്ള ദുരന്തത്തെ ഓർക്കാതിരിക്കാ നാവില്ല. ആ ദുരന്തത്തെ തീവ്രമായ മനുഷ്യകതയുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ച നോവലും. മലയാളത്തിന്റെ സുകൃതമായ എം.ടി.വാസുദേവൻ നായരുടെ അസുരവിത് . മനുഷ്യർക്ക് തന്നെ ആവശ്യമില്ലെങ്കിലും ശവങ്ങൾക്ക് ആവശ്യമുണ്ടെന്ന തിരിച്ചറിവിൽ ഗോവിന്ദൻ കുട്ടി എത്തുന്നു. കിഴക്കുമ്മുറിയിലെ ആളുകൾക്ക് തന്നെ ആവശ്യമുണ്ടായിരുന്നില്ല. പെക്ഷ ശവങ്ങൾക്കു താൻ വേണം. ശവങ്ങൾക്കു മാപ്പിളയും നായരും ഭേദമില്ല; കള്ളനും തെമ്മാടിയും വ്യത്യാസമില്ല– ഗോവന്ദൻ കുട്ടി തിരിച്ചറിയുന്നു.

ഗ്രാമം ഭയത്തിൽനിന്നു മുക്തമാകുമ്പോൾ മാത്രമാണ് അയാളുടെ ജോലി പൂർത്തിയാകുന്നത്. അതോടെ അയാൾ അവിടം വിട്ടുപോകുകയുമാണ്. തിരിച്ചുവരും എന്ന ഉറപ്പുമായി.

അയാൾ പിന്നെയും നടന്നു.

മേച്ചിൽ സ്ഥലങ്ങൾ ഇവിടെ ആരംഭിക്കുന്നു.

വഴുക്കുചാലുകളും ഇളംകാലടികൾക്കു തട്ടിത്തെറിപ്പിക്കാൻ വെള്ളമൊരുക്കിനിൽക്കുന്ന പുൽത്തണ്ടുകളും മേഞ്ഞുനടക്കുന്ന കാലിക്കൂട്ടങ്ങളും ഇപ്പോഴും ബാക്കിനിൽക്കുന്നുണ്ട്.

നടുവിൽ, കടന്നുപോയവരുടെയെല്ലാം കാൽപാടുകളിൽ കരിഞ്ഞ പുല്ലുകൾ നിർമിച്ച ഒറ്റയടിപ്പാത നീണ്ടുകിടക്കുന്നു.

അഭിനവ. എസ്
9.B

## അറിയാതെ  പോയ സ്നേഹം

ചന്ദ്രിക എങ്ങലോടെ വാതിക്കൽ വന്ന് വെളിയിലേക്കു നോക്കി നിന്നു. കണ്ണൻ മുറ്റത്തേക്ക് ഇറങ്ങി. പിന്നെയും തിരിഞ്ഞു നോക്കി . പിന്നീട് പുറത്തേക്ക് നടന്നു. അപ്പോഴേക്കും ലോറി ഡ്രൈവർ വണ്ടി സ്റ്റാർട്ട് ആക്കിയിരുന്നു. വളരെ വേദനയും, സങ്കടവും കൊണ്ടുള്ള മനസ്സുകൊണ്ട് കണ്ണൻ ആ ലോറിയിൽ കയറി. കണ്ണന്റെ ശരീരം മാത്രമേ ഇപ്പോൾ ആ ലോറിയിൽ ഉള്ളൂ മനസ്സ് ഇപ്പോഴും ചന്ദ്രികയുടെയും കുഞ്ഞിയുടെയും അടുത്ത് തന്നെ. പശു പിന്നെയും അമറുന്നത് കേൾക്കാം. വിശാലമായ മരങ്ങളും പച്ചപ്പും നിറഞ്ഞ പ്രകൃതിയുടെ ഒരു ഭാഗത്ത് ഇരുണ്ടു മൂടിയ റോഡിലൂടെയാണ് കണ്ണൻ യാത്ര ചെയ്യുന്നത്. അച്ഛൻ പോയ വിഷമത്തിലാണ് ആ കുഞ്ഞ് .അമ്മ പക്ഷി തന്റെ കുട്ടികളെ സംരക്ഷിക്കാനും,സന്തോഷിപ്പിക്കാനും തന്റെ ചിറകിൽ ചേർത്തുവെക്കും അതുപോലെ തന്നെ ഇവിടെ ചന്ദ്രിക തന്റെ കുട്ടിയെ നെഞ്ചോട് ചേർത്തുവെക്കുന്നു . കുറച്ചു ദിവസങ്ങൾക്കുശേഷം കണ്ണൻ തന്റെ ഭാര്യയെയും കുഞ്ഞിനെയും കാണാൻ വീണ്ടും എത്തി. ചന്ദ്രികയുടെ അമ്മയായ ഭവാനിയമ്മയ്ക്ക് കണ്ണനെ ഇഷ്ടമല്ല. ആദ്യ നാളുകളിൽ കണ്ണൻ തന്റെ മകളെ വേദനിപ്പിച്ചത് കൊണ്ടാണ് . അതുമാത്രമല്ല കണ്ണൻ ഒരു പാവപ്പെട്ട മനുഷ്യനാണ്. ഭവാനിയമ്മ ആഗ്രഹിക്കുന്ന രീതിയിൽ കണ്ണന് സമ്പാദ്യമില്ല. കണ്ണൻ വളരെ സന്തോഷത്തോടുകൂടി തന്നെ ആറ്റിൻകരയിലേക്ക് പോയി.ആകാശം ഇരുണ്ടുന്നു,ശക്തമായ മിന്നൽ,ഒരു അതിശക്തമായ മഴയുടെ സൂചന.കണ്ണൻ വീട്ടുമുറ്റത്തേക്ക് എത്തി. "ഇവിടെ ആരുമില്ലേ”? അപ്പോൾ ചന്ദ്രിക വാതിൽ തുറന്ന് കണ്ണനെ ക്ഷണിക്കാൻ ഇരിക്കുമ്പോൾ ഭവാനിയമ്മ എത്തി. ഒരു വീട്ടിൽ ഏതെങ്കിലും തെരുവുനായ്ക്കൾ എത്തുമ്പോൾ ഉണ്ടാകുന്ന മനോഭാവമാണ് ഭവാനിയമ്മയ്ക്ക്. " നീ എന്തിനാടാ ഇങ്ങോട്ട് വന്നത്"? " ഇവിടെ നിന്റെ ആരാടാ ഉള്ളത് "?"പോടാ, ഇവിടെനിന്നു പോടാ". കണ്ണന് വല്ലാത്ത സങ്കടം ഉണ്ടായി. ചന്ദ്രിക അമ്മയോട് പറഞ്ഞു. "അമ്മേ അദ്ദേഹം എന്നെയും എന്റെ കുഞ്ഞിനെയും കാണാൻ വന്നതാ". ഇതു കേട്ടതും ഭവാനിയമ്മയുടെ ദേഷ്യം ഒന്നാകെ കയറി. ആ സമയത്ത് കണ്ണൻ തന്റെ കയ്യിലുള്ള ഒരു സമ്മാനം ചന്ദ്രികക്ക് നൽകി അവിടെ നിന്നു മടങ്ങി. അപ്പോഴേക്കും ആകാശത്തിൽ നിന്നുള്ള മഴയുടെ ശക്തി കൂടുകയാണ്. ആ മഴയത്ത് കണ്ണന്റെ കണ്ണിൽ നിന്നുമുള്ള വേദന അലിഞ്ഞു ചേരുകയാണ്. ഒരിക്കൽ കണ്ണൻ ലോറി കഴുകുമ്പോൾ ഒരു വലിയ ജീപ്പ് വരുന്നത് കണ്ടു. ആ ജീപ്പ് ഒരു പണക്കാരന്റേതാണെന്ന് മനസ്സിലായി. ഒരു അച്ഛനും ഒരു അമ്മയും അവരുടെ കുഞ്ഞും.അവർ വിവാഹം കഴിഞ്ഞ് കുറച്ച് ദിവസമേ ആയുള്ളൂ. ഇതു കാണുമ്പോൾ കണ്ണന്റെ മനസ്സ് ഇല്ലാതാകുന്നു. ആ ഭാര്യയും ഭർത്താവും തന്റെ കുഞ്ഞിനെ ശ്രദ്ധിക്കാതെ അവർ പ്രണയത്തോടെ സംസാരിക്കുകയാണ്. ആ പ്രകൃതിയിൽ അവർ അലിയുകയാണ്. കുഞ്ഞി കളിച്ചുകളിച്ച് ഒരു കല്ല് തടഞ്ഞു വളരെ കളകളുമായി ഒഴുകുന്ന പുഴയിലേക്ക് വീഴുന്നു. കണ്ണൻ ഇതൊക്കെ ശ്രദ്ധിക്കുന്നു. ആ കുട്ടിയുടെ അമ്മയും അച്ഛനും ഇതു കണ്ട് കരയുകയാണ്.  പെട്ടെന്നു കണ്ണന്റെ  മനസ്സിലേക്ക് ഒരു ബോധം ഉണ്ടായി. തന്റെ കുട്ടിയുടെ പ്രായമുള്ള അതേകുട്ടി. കണ്ണൻ വേഗം തന്നെ ആ പുഴയിൽ തുള്ളി ആ പിഞ്ചു കുഞ്ഞിനെ രക്ഷിച്ചു. എന്നിട്ട് അതിന്റെ രക്ഷിതാക്കളോട് വളരെ ദേഷ്യപ്പെട്ട് പറഞ്ഞു.  "നിങ്ങൾ ഇവിടെ സംസാരിക്കുന്നിടയ്ക്ക് ഈ കുട്ടിയെ ശ്രദ്ധിച്ചിരുന്നോ "? "ഇത് നിങ്ങളുടെ കുട്ടിയല്ലേ"?" നമ്മൾ രക്ഷിതാക്കൾ തന്നെയല്ലേ നമ്മുടെ കുട്ടികളെ രക്ഷിക്കേണ്ടത്".  ഇതു കേട്ടതും ആ അമ്മയും അച്ഛനും പറഞ്ഞു." നന്ദി". "അതുപോലെത്തന്നെ നിങ്ങൾ നമുക്ക് നല്ലൊരു പാഠം പറഞ്ഞു തന്നു." അല്ല എന്താ നിങ്ങളുടെ പേര്". "ഞാൻ കണ്ണൻ ". കണ്ണൻ വളരെ സൗമ്യമായി പറഞ്ഞു. ആ അച്ഛൻ ചോദിച്ചു." നിങ്ങളെ കാണുമ്പോൾ തന്നെ അറിയാം നിങ്ങൾ ഒരു ഉത്തരവാദിത്വമുള്ള ആളാണെന്ന് അതുകൊണ്ട് തന്നെ നിങ്ങൾക്ക് പറ്റുമെങ്കിൽ ഞങ്ങളുടെ വീട്ടിലെ കാര്യസ്ഥൻ ആകുമോ "? കണ്ണൻ ഇതു കേട്ടപ്പോൾ തന്നെ ഉറപ്പിച്ചു. രണ്ടു വർഷത്തിനുശേഷം ചന്ദ്രിക ആഗ്രഹിക്കുന്ന രീതിയിൽ കണ്ണൻ മാറിത്തുടങ്ങി. വളരെ സത്യസന്ധമായ രീതിയിൽ ജോലി ചെയ്തു കണ്ണൻ ഇപ്പോൾ ആ വീട്ടിലെ ഒരാളായി തീർന്നു. ഇതൊക്കെ ഭവാനിയമ്മ അറിയുന്നുണ്ട്. തന്റെ മരുമകൻ ഇങ്ങനെ ആവാൻ ആയിരുന്നു ഭവാനിയമ്മയും ആഗ്രഹിച്ചത്. പക്ഷേ കണ്ണൻ പിന്നീട് ഒരിക്കലും ആ വീട്ടിൽ പോയിരുന്നില്ല. കാരണം ആദ്യനാളുകളിൽ നിന്ന് കണ്ണൻ പാതി മാറി ഒരു ലോറി ക്ലീനർ ആയപ്പോൾ ഭവാനിയമ്മയ്ക്ക് അത്രയെന്നും കണ്ണനെ ഇഷ്ടപ്പെട്ടില്ല. ലോറി ക്ലീനർ ആയതുകൊണ്ട് മാത്രമാണ്. ആ സമയത്തൊക്കെ ഭവാനിയമ്മ കണ്ണനെ കളിയാക്കിയപ്പോൾ ചന്ദ്രിക ഒന്നും പ്രതികരിച്ചില്ല. എന്നാൽ വേറൊരു ജോലി കിട്ടി കുറച്ചു സമ്പന്നൻ ആയപ്പോൾ ഭവാനിയമ്മ  മരുമകനായി സ്വീകരിച്ചു. ഒരു അത്യാവശ്യ സമയത്ത് ചന്ദ്രിക കണ്ണന്റെ അടുത്തു വന്നില്ല. ഇങ്ങനെ ഒരു ഭാര്യ തനിക്ക് വേണ്ട എന്ന് കണ്ണൻ തീരുമാനിച്ചു. എന്നിരുന്നാലും തന്റെ കുട്ടിക്ക് വേണ്ടിയുള്ളചിലവ് കണ്ണൻ ദൂരത്തു നിന്നെങ്കിലും നടപ്പിലാക്കും. ഇരുണ്ട ആകാശം വെളിച്ചമായി അത് പാതി വെളിച്ചം മാത്രമാണ്.................

— അറിയാതെ പോയ സ്നേഹം


അജന്യ ചന്ദ്രൻ. പി
9:B



Vaishnav
9 B



YADHUKRISHNA
8D




Railway Station

# ബാക്കി വച്ചേക്കണം

വറ്റിച്ചു കളയരുത്
ബാക്കി വച്ചേക്കണം
ഇത്തിരി കണ്ണീര്....

പറഞ്ഞു തീർക്കരുത്ബാക്കി
വച്ചേക്കണം
ഇത്തിരി വാക്കുകൾ....

കൊടുത്തുതീർക്കരുത്
ഇത്തിരി സ്നേഹം...

കെടുത്തി കളയരുത്
ബാക്കി വച്ചേക്കണം
ഇത്തിരി കനൽ...

എറിഞ്ഞു തീർക്കരുത്
ബാക്കി
വെച്ചേക്കണം
ഇത്തിരി കല്ലുകൾ....

നിരത്തിൽ
പൂവുടലുകൾ
ചപ്പി വലിക്കുമ്പോൾ...

ജയിൽ
സിംഹാസനത്തിൽ
തടവറ രാജാക്കന്മാർ ചിരിക്കുമ്പോൾ...

പൂവുകൾക്ക്
അഞ്ജലിയേകാൻ
മറ്റെന്തുണ്ട്
ബാക്കി...???
അതേ, എനിക്കും നിങ്ങൾക്കും മാത്രമല്ല, അവർക്കും സ്വപ്നങ്ങളുണ്ട്

--------------------

ജയശ്രീ പി പി

നിങ്ങളിൽ പലരും യാത്ര ചെയ്യുവാൻ ഏറെ ഇഷ്ടപ്പെടുന്നവരാവും..
ചില നേരത്തെങ്കിലും ഒറ്റക്കൊരു യാത്ര അതിലേറെ ഇഷ്ടമാവും, പ്രത്യേകിച്ച് സങ്കടങ്ങൾ വന്ന് മൂടുമ്പോൾ..
നമുക്കൊരു വായനായാത്രയായാലോ?

ഒരിക്കൽ ഞാനോ നിങ്ങളോ ആയിരുന്ന ഒരു കഥാപാത്രം, ഇപ്പോഴും പലയിടങ്ങളിലായി എല്ലാവരുടേയും കുറ്റപ്പെടുത്തലുകൾക്കും ഒറ്റപ്പെടുത്തലുകൾക്കുമിടയിൽ ശ്വാസം മുട്ടുന്ന കുഞ്ചു എന്ന കുട്ടിയുടെ മാനസ സഞ്ചാരമാണ്, സ്വപ്നയാത്രയാണ് ജി.വി.ബുക്ക്സ് പ്രസിദ്ധീകരിച്ച ബാലസാഹിത്യ നോവലായ വി.സുരേഷ് കുമാറിന്റെ 'കൂ എന്ന വണ്ടിയിൽ' കയറിയാൽ അനുഭവിക്കാവുന്നത്.
കോവിഡ് 19 വീട്ടിലിരുപ്പ് കാലത്തെ കുഞ്ചുവിന്റെ സങ്കടങ്ങളിലൂടെ തുടങ്ങുന്ന യാത്ര പിന്നീടൊരു തീവണ്ടിയാത്രയിലേക്കെത്തുന്നു.
യാത്രയിൽ അവനൊപ്പം പക്ഷികളും മൃഗങ്ങളും മാത്രമല്ല, ബഷീറും, എഡിസണും,മാർട്ടിൻ ലൂഥറും ഒക്കെ കൂട്ടുകൂടുന്നു.

കുഞ്ചുവിന്റെ ജനനം തന്റെ ആരോഗ്യവും സൗന്ദര്യവും പോലും നഷ്ടപ്പെടുത്തിയെന്ന് പറയുന്ന അമ്മ അവനെ അവന്റെ വളർച്ചയിലുടനീളം മണ്ടനെന്നും മരമണ്ടനെന്നും കുരുത്തംകെട്ടവനെന്നും വിളിക്കുന്നു. ഏട്ടന് എല്ലാ സൗകര്യങ്ങളും ലഭിക്കുന്ന വീട്ടിൽ അവന് പഴയ കടലാസുകൊണ്ട് ആരും കാണാതെ പട്ടമുണ്ടാക്കേണ്ടി വരുന്നു.. അതിന്റെ വാലിൽ ചേർക്കാൻ ഒരു വലിയ നൂല് പോലും അവന് അന്യമാണ്.. അവനെപ്പോലെ ആ പട്ടത്തെ ചെറിയ നൂലിൽ ജനൽക്കമ്പിയോട് ചേർത്ത് കെട്ടുന്നു, നിറങ്ങളിലാത്ത അവന്റെ ജീവിതം പോലെയുള്ള ആ പട്ടത്തിന്റെ ഉടലിനും ചിറകകൾക്കും നിറം നൽകാൻ ഏട്ടനുപേക്ഷിച്ച പഴയ കളർ ബോക്സിലേക്ക് നോക്കി കരയുന്നു...
എന്നിരിക്കിലും, കുഞ്ചു അപ്പോഴും മരങ്ങളും കുന്നുകളും കടന്ന് ആ പട്ടം പക്ഷികളോടൊപ്പം പറക്കുന്നത് സ്വപ്നം കാണുന്നു.
കഥാകൃത്ത് കുഞ്ഞുങ്ങളോട് പറഞ്ഞു വെക്കുന്നതും അത് തന്നെയാണ്.
ഓരോരുത്തരുടെയും സ്വപ്നങ്ങളും പ്രതീക്ഷകളും യാഥാർത്ഥ്യമാകുന്ന ഒരു ദിവസമുണ്ടാവും.
'കുഞ്ഞുങ്ങളേ.., ജീവിതത്തിലുടനീളം നിങ്ങൾക്ക് പ്രതീക്ഷകളുണ്ടാകട്ടെ..!

മുതിർന്നവർ മനസിലാക്കിയാലും മനസിലാകാത്ത മട്ടിൽ വിചാരിക്കുന്ന മറ്റൊരു കാര്യമാണ് പ്രധാനം. ഓരോ കുഞ്ഞും മറ്റൊരു കുഞ്ഞിൽ നിന്നും തീർത്തും വ്യത്യസ്തനാണ്. അവനെപ്പോലെ, അവളെപ്പോലെ ആയിക്കൂടേന്ന് പറയുമ്പോൾ, നമ്മൾ ജീവിക്കുന്നത് കുഞ്ഞിന്റെ ഇഷ്ടത്തിനല്ല, നമ്മുടെ ഇഷ്ടം പോലെ മാത്രമാണെന്ന് തിരിച്ചറിവില്ലാതാകുമ്പോൾ ഒക്കെ കീറിപ്പോവുന്ന കുഞ്ഞുമനസുകളുടെ നൊമ്പരങ്ങൾക്ക് പകരം വെക്കാൻ മറ്റൊന്നും മതിയാവില്ല നമുക്ക്.
അതേ എനിക്കും നിങ്ങൾക്കും മാത്രമല്ല, അവർക്കും സ്വപ്നങ്ങളുണ്ട്!

സ്കൂളിലേക്കായി ഒരുപകരണമുണ്ടാക്കാൻ കുഞ്ചു പലയിടത്തും നടന്ന് പഴയ വസ്തുക്കൾ കണ്ടെത്തുന്നു. എവിടെയും കിട്ടാത്ത ഒരു കന്നാസിനായി പൈസ ചോദിച്ചപ്പോൾ "ഓഹ്, പിന്നെ നീയല്ലേ ഇനി ഈ നാട്ടിലെ ഒരേ ഒരു ശാസ്ത്രജ്ഞൻ" എന്ന് അമ്മ കളിയാക്കുന്നു. പിന്നീട് ആ നിർമാണ മികവ് കൊണ്ട് ഒരു സംസ്ഥാനത്തിലെ എല്ലാ സ്കൂളിലേക്കുമുള്ള നിർമാണ ചുമതലയും ഏൽപ്പിക്കാൻ അവനെത്തേടി വിദ്യാഭ്യാസ മന്ത്രിയെത്തുമ്പോൾ ആദ്യമായി അവൻ അമ്മയുടെ സ്നേഹമുള്ള ഒച്ച കേൾക്കുന്നു.. അതേ കുഞ്ഞുങ്ങളേ ഇത് നിങ്ങളുടെ ലോകമാണ്.. ഇവിടത്തെ നാളെകൾ നിങ്ങളുടേതാണ്.. നിങ്ങളുടെത് മാത്രം.

ബാലസാഹിത്യ കൃതിയാണെങ്കിലും മുതിർന്നവരും തീർച്ചയായും വായിച്ചിരിക്കേണ്ട കൃതിയാണിത്. തീരെ ചെറിയ കുട്ടികൾക്ക് എത്രത്തോളം കഥയിലേക്കിറങ്ങാൻ കഴിയുമെന്നറിയില്ല. മുതിർന്ന കുട്ടികൾക്കാവും കഥ ഏറെ ഇഷ്ടപ്പെടുക..
കുഞ്ചുവിനെയും മായ മയിലിനെയും അവന്റെ കുഞ്ഞിപ്പൂച്ചയെയുമൊക്കെ എത്ര മനോഹരമായാണ് കഥാകാരൻ വരച്ചുവെച്ചിരിക്കുന്നത്!
കുട്ടികളെ ഇഷ്ടപ്പെടുന്ന, അവരുമായി ഇടപഴകുന്ന എല്ലാവർക്കും ഈ വായന നൊമ്പരവും സ്വപ്നങ്ങളും സന്തോഷവും നൽകുന്നതാവും. നമ്മളറിയാത്ത നമ്മുടെ കുഞ്ഞുങ്ങളെ
കുഞ്ചുവിൽ കാണാം നമുക്ക്.. ഇനിയും തിരിച്ചറിയാത്ത കുഞ്ചുമാരെ കണ്ടെത്താം നമുക്ക്.
--------------------രോഷ്നി കെ വി




JEEVAN V,4 A



RAJWAL C ,5 A

**ഗ്രാമപച്ച ചിത്രയാത്ര ശ്രദ്ധേയമായി:**

**പാക്കം:**

**ഗ്രാമപച്ചയുടെ ഭംഗി ആസ്വദിച്ച് കുട്ടികൾ നടത്തിയ ചിത്രയാത്ര ശ്രദ്ധേയമായി. പാക്കം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ 37 ചിത്രപ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂളിലെ ചിത്രകല അധ്യാപകനായ ശ്രീ ജിതേഷ് സി കെയുടെ നേതൃത്വത്തിൽ നടന്ന ഗ്രാമപച്ച ചിത്രയാത്ര – ജലച്ചായ ക്യാമ്പ് ആവിഷ്കാരം കൊണ്ട് ശ്രദ്ധേയമായി. നാട്ടുവഴികളും നാട്ടുപച്ചയും അന്യം നിന്നു പോകുന്ന പുതിയ കാലത്ത് ഇനിയും ബാക്കി നിൽക്കുന്ന ഗ്രാമ സമൃദ്ധിയുടെ വിസ്മയക്കാഴ്ചകളിലേക്കാണ് കുട്ടികൾ യാത്ര നടത്തിയത്. പ്രകൃതി തീർത്ത മനോഹരമായ ക്യാൻവാസിൽ നിന്ന് തങ്ങളുടെ ക്യാൻവാസിലേക്ക് അവ ഒപ്പിയെടുത്തപ്പോൾ കുഞ്ഞുമനസ്സുകൾ പ്രാർത്ഥിച്ചത് ഈ നാട്ടുപച്ച ഒരിക്കലും വാടി പോകരുതെ എന്നാണ്. ഇരുന്നും നടന്നും കുട്ടികൾ പകർത്തിയ വയൽപച്ചയുടെ ഭംഗി അക്ഷരാർത്ഥത്തിൽ ഗ്രാമത്തിന് നേരെ പിടിച്ച കണ്ണാടിയായി മാറി. പാക്കം ചരൽക്കടവ് പ്രദേശത്തെ വയൽ ഭംഗിയാണ് ചിത്രയാത്രയ്ക്ക് വേദിയായി തിരഞ്ഞെടുത്തത്. ചരൽ കടവ് വയലിനോട് ചേർന്നുള്ള കുണ്ടുവളപ്പിൽ**
**പി ശാരദയുടെ വീട്ടിൽ വച്ചാണ് പരിപാടിയുടെ ഉദ്ഘാടനം നടന്നത് .**
**ജലച്ചായ രചനയുടെ പുതുമ നിറഞ്ഞ വഴികൾ കുട്ടികളെ രസാത്മകമായി പരിചയപ്പെടുത്തി , ചിത്രകല അധ്യാപകനായ ശ്രീ പ്രസാദ് കാനത്തുംകാൽ ആണ് പരിപാടി ഉദ്ഘാടനം ചെയ്തത്. പിടിഎ പ്രസിഡന്റ് ശ്രീ പി ദാമോദരൻ നായർ അധ്യക്ഷത വഹിച്ചു.**
**വി വി രാജീവൻ മാസ്റ്റർ, അംബിക ടീച്ചർ എന്നിവർ സംസാരിച്ചു. ഹെഡ്മാസ്റ്റർ ശ്രീ രാജേഷ് എംപി സ്വാഗതവും ശ്രീ ജിതേഷ് സി കെ നന്ദിയും പറഞ്ഞു.**







# LITTLE KITE ACTIVITIES AT A GLANCE













